# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം
2012 ജൂൺ 11, തിങ്കൾ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 339)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| മുഖ്യമന്ത്രി | 1 മുതൽ 75 വരെ |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | 76 മുതൽ 135 വരെ |
| ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി | 136 മുതൽ 206 വരെ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | 207 മുതൽ 339 വരെ |

<u>മുഖ്യമന്ത്രി നേരിട്ട് നിയന്ത്രിക്കുന്ന വകുപ്പുകളുടെ പ്രവർത്തനം</u>

1 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-2012 സാമ്പത്തിക വർഷത്തിൽ മുഖ്യമന്ത്രി നേരിട്ട് നിയന്ത്രിക്കുന്ന വകുപ്പുകളുമായി ബന്ധപ്പെട്ട ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ ഇനിയും നടപ്പിലാക്കിയിട്ടില്ലാത്തവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) 2011-2012 -ൽ പ്രസ്തുത ഓരോ വകുപ്പിനും വകയിരുത്തപ്പെട്ട തുക എത്രയായിരുന്നു; ഇതിൽ എത്ര തുക ചിലവഴിക്കുവാൻ സാധിച്ചുവെന്നും അവശേഷിക്കുന്ന തുക എത്രയെന്നും വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>പരിസ്ഥിതി ദുർബല മേഖല</u>

2 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പരിസ്ഥിതി ദുർബല മേഖലയിൽ സംസ്ഥാനത്തെ നിലവിലുള്ള ഏതെല്ലാം ജലസേചന, ജല വൈദ്യുത പദ്ധതികളാണ് ഉൾപ്പെടുന്നതെന്നറിയിക്കാമോ;

(ബി) സംസ്ഥാനത്ത് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പുതിയ ഏതെല്ലാം പദ്ധതികളാണ് പരിസ്ഥിതി ദുർബല മേഖലയിൽപ്പെടുന്നതെന്ന് വിശദമാക്കുമോ;

(സി) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പരിസ്ഥിതി ദുർബലമേഖല സംസ്ഥാനത്തിന്റെ താല്പര്യങ്ങളെ ബാധിക്കുന്നുണ്ടോയെന്നും, എങ്കിൽ സർക്കാർ ഇക്കാര്യത്തിൽ എന്ത് നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>മന്ത്രിസഭാ തീരുമാനപ്രകാരം നിയോഗിക്കപ്പെട്ട സമിതികൾ</u>

3 ശ്രീ. പി.കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുവരെ മന്ത്രിസഭായോഗ തീരുമാനങ്ങൾ പ്രകാരം, ഏതെല്ലാം കാര്യങ്ങൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഏതെങ്കിലും കമ്മിറ്റികളെയോ, ഉദ്യോഗസ്ഥരെയോ, മന്ത്രിസഭാ ഉപസമിതികളെയോ ചുമതലപ്പെടുകയുണ്ടായി എന്ന് വിശദമാക്കാമോ;

(ബി) മന്ത്രിസഭാ തീരുമാനപ്രകാരം നിയോഗിക്കപ്പെട്ട ഏതെല്ലാം സമിതികളുടെ റിപ്പോർട്ട് ഇനിയും ലഭിക്കേണ്ടതായിട്ടുണ്ട്;

(സി) ഇതിനകം ലഭിച്ച ഏതെല്ലാം നിർദ്ദേശങ്ങളിന്മേൽ ഇനിയും തീരുമാനം എടുക്കേണ്ടതായി ബാക്കി നിൽപ്പുണ്ടെന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>പ്രകൃതിവാതക പൈപ്പുലൈനുകൾ കടന്നുപോകുന്ന 6 ജില്ലകൾ</u>

4 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി-ബംഗളുരു-മംഗലാപുരം പ്രകൃതിവാതക പൈപ്പു ലൈനുകൾ കടന്നു പോകുന്ന 6 ജില്ലകളിലെ 4562 ഏക്കർ ഭൂമി ക്രയവിക്രയം നിലച്ച് മരവിക്കുമെന്ന വാർത്ത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി കടന്നുപോകുന്ന പ്രദേശത്തെ ഭൂവുടമകളുടെ ആശങ്കകൾ ദൂരീകരിക്കുന്നതിന് ശ്രമിക്കുമോ; ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നില്‍ക്കുന്നവര്‍ക്കായി കോര്‍പ്പറേഷന്‍</u>

5 ശ്രീ. ജോസഫ് വാഴക്കന്‍
'' കെ. അച്ചുതന്‍
'' അന്‍വര്‍ സാദത്ത്
'' പി.സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നില്‍ക്കുന്നവര്‍ക്കായി കോര്‍പ്പറേഷന്‍ രൂപീകരിച്ച് ഉത്തരവായിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) കോര്‍പ്പറേഷന്റെ ആര്‍ട്ടിക്കിള്‍സ് ഓഫ് അസോസിയേഷനും, മെമ്മോറാണ്ടം ഓഫ് അസോസിയേഷനും തയ്യാറാക്കിയിട്ടുണ്ടോ ;

(സി) ഇതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട് ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

ഗാർഹിക പീഢന നിരോധന നിയമം, പ്രത്യേക കോടതികൾ സ്ഥാപിക്കുന്നതിന് നടപടി

6 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ഗാർഹിക പീഢന നിരോധന നിയമം അനുസരിച്ചുള്ള കേസുകളിൽ പരാതിക്കാർക്ക് നീതി ലഭിക്കുവാൻ വലിയ കാലതാമസമുണ്ടാകുന്നതിനാൽ ഗാർഹിക പീഢന നിരോധന നിയമം സംബന്ധിച്ച കേസുകൾ കൈകാര്യം ചെയ്യുന്നതിന് ജില്ലകൾ തോറും പ്രത്യേക കോടതികൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

<u>ദേശീയ ആഘോഷങ്ങളിൽ പരേഡിന് വിദ്യാർത്ഥികളെ കൊണ്ടു പോകുന്ന ചെലവ്</u>

7 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ആഘോഷങ്ങളിൽ സ്വാതന്ത്ര്യദിനം, റിപ്പബ്ലിക്ദിനം, എന്നിവയോടനുബന്ധിച്ചുള്ള പരേഡിന് വിദ്യാർത്ഥികളെ കൊണ്ടുപോകുന്ന ചെലവു വഹിക്കുന്നതിന് ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി കെ.എസ്.ആർ.ടി.സിയുടെയും, സ്വകാര്യ വ്യക്തികളുടെയും വാഹനങ്ങൾ ഹയർ ചെയ്യാറുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള ഹയർ ചാർജ് നല്കാൻ ചുമതലപ്പെടുത്തിയിട്ടുള്ളത് ഏത് ഉദ്യോഗസ്ഥനെയാണെന്ന് വിശദമാക്കുമോ;

(സി) ഈ ആവശ്യത്തിന് വാഹനം വിട്ടു നല്കിയവർക്ക് വാഹന വാടക നല്കിയിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) കുടിശ്ശിക എത്രയും വേഗം തീർപ്പാക്കാൻ വേണ്ട നിർദ്ദേശം നല്കുമോ?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

സർക്കാർ ഒരു വർഷത്തിനിടയിൽ നടപ്പാക്കിയ പദ്ധതികളുടെ അവലോകനം

8 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, ബാബു എം. പാലിശ്ശേരി
,, പി. റ്റി. എ റഹീം
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പിന്നിട്ട ഒരു വർഷത്തിനിടയിൽ ബജറ്റ്, നൂറ് ദിന പരിപാടികൾ, സപ്തധാര പദ്ധതികൾ തുടങ്ങിയ നിലയിൽ ജനങ്ങൾക്ക് നൽകിയ ഉറപ്പുകൾ ഓരോന്നും നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോ എന്ന് മന്ത്രിസഭ അവലോകനം നടത്തുകയുണ്ടായോ;

(ബി) എങ്കിൽ അവലോകനം നടത്തിയത് എപ്പോഴായിരുന്നു; ജനങ്ങൾക്ക് നൽകിയ ഏതെങ്കിലും ഉറപ്പുകൾ പൂർണ്ണമായും നടപ്പാക്കാൻ സാധിച്ചതായി വിലയിരുത്തുകയുണ്ടായോ;

(സി) ബജറ്റ് നിർദ്ദേശങ്ങൾക്ക് പുറത്തുള്ള ഉറപ്പുകൾ നടപ്പിലാക്കുന്നതിന് എന്ത് തുക അധികമായി കണ്ടെത്തേണ്ടതായിവന്നു; ഏതെല്ലാം നിലയിൽ അധിക വിഭവസമാഹരണം നടത്തുകയുണ്ടായി; വിശദമാക്കാമോ?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

<u>സർക്കാർ നടപടികൾ പൊതുജനങ്ങൾക്കറിയാൻ സംവിധാനം</u>

9 ശ്രീ. ബെന്നി ബെഹനാൻ
,, എം.എ വാഹീദ്
,, ഡൊമിനിക് പ്രസന്റേഷൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ നടപടികൾ പൊതുജനങ്ങൾക്ക് അറിയുവാൻ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എല്ലാ വകുപ്പുകളിലും ഈ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

<u>കാലിക്കറ്റ് സർവ്വകലാശാല ഭൂമിദാനം</u>

10 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാല ഭൂമിദാനവുമായി ബന്ധപ്പെട്ട് ഏതെങ്കിലും അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) സ്വകാര്യ ട്രസ്റ്റുകൾക്ക് ഭൂമി കൈമാറാൻ നിലവിലുള്ള സർവ്വകലാശാലാ നിയമം അനുവദിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>വാഗമണ്‍ വാഹന അപകടം</u>

11 ശ്രീ. പി. തിലോത്തമന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ചേര്‍ത്തല മുഹമ്മ, തണ്ണീര്‍മുക്കം സ്വദേശികളും ചെണ്ടവാദ്യകലാകാരന്മാരുമായിരുന്ന ഒരുപറ്റം ചെറുപ്പക്കാര്‍ സഞ്ചരിച്ചിരുന്ന വാഹനം 2012 ഫെബ്രുവരി 21ന് വാഗമണിന് അടുത്ത് അപകടത്തില്‍ പെടുകയും അവരില്‍ 4 പേര്‍ മരണമടയുകയും ഇരുപത് പേര്‍ക്ക് പരിക്കേല്‍ക്കുകയും ചെയ്ത സംഭവത്തില്‍ മരണമടഞ്ഞവരുടെ കുടുംബങ്ങള്‍ക്കും പരിക്കേറ്റവര്‍ക്കും സര്‍ക്കാര്‍ നല്‍കിയ ധനസഹായം അപര്യാപ്തമാണെന്നും തുക വര്‍ദ്ധിപ്പിക്കണമെന്നുമുളള ആവശ്യം ശ്രദ്ധയില്‍ പെട്ടിട്ടുണ്ടോ; ഈ തുക വര്‍ദ്ധിപ്പിക്കുവാന്‍ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ബി) ഈ അപകടത്തില്‍ പരിക്കേറ്റവരെ സംബന്ധിച്ച വിവരങ്ങള്‍ സര്‍ക്കാരിന് ലഭിച്ചതില്‍ എന്തെങ്കിലും അപാകതകള്‍ ഉണ്ടായതായി ശ്രദ്ധയില്‍ പെട്ടിട്ടുണ്ടോ; വളരെ ഗുരുതരമായി പരിക്കുപറ്റി ശരീരം തളര്‍ന്ന് ഇപ്പോഴും ചെമ്മനാകരി ഇന്‍ഡോ അമേരിക്കന്‍ ഹോസ്പിറ്റലില്‍ ചികിത്സയില്‍ കഴിയുകയും ചെയ്യുന്ന തണ്ണീര്‍മുക്കം ചീച്ചനാട്ട് വെളിയില്‍ സുധീഷിന് സര്‍ക്കാര്‍ അനുവദിച്ചത് 10000/- രൂപയായിരുന്നുവെന്നും, തുക കുറഞ്ഞതിനാല്‍ ഇവര്‍ തുക കൈപ്പറ്റിയിട്ടില്ലെന്നും ബോധ്യപ്പെട്ടിട്ടുണ്ടോ; ഇത് അടിയന്തിരമായി വര്‍ദ്ധിപ്പിച്ച് നല്‍കാന്‍ നടപടി സ്വീകരിക്കുമോ;

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

<u>പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതി മോടിപിടിപ്പിച്ചതിന്റെ വിശദാംശങ്ങൾ</u>

12 ശ്രീ. ടി. എൻ. പ്രതാപൻ
,, എം. പി. വിൻസെന്റ്
,, പാലോട് രവി
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതി മോടിപ്പിടിപ്പിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ടെലിഫോൺ, അതിഥി സൽക്കാരം, യാത്രാബത്ത എന്നീ ഇനങ്ങളിൽ ചെലവായ തുക എത്രയാണെന്ന് വെളിപ്പെടുത്താമോ ;

(സി) ഔദ്യോഗിക വസതിയിൽ സാധനസാമഗ്രികൾ വാങ്ങുന്നതിന് എത്ര തുക ചെലവായി എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

<u>മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിലുള്ളവർ വിവിധ ഇനങ്ങളിലായി കൈപ്പറ്റിയിട്ടുള്ള തുകയുടെ വിശദാംശം</u>

13 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മന്ത്രിമാരുടെ ഓരോരുത്തരുടെയും പേഴ്സണൽ സ്റ്റാഫിലുള്ളവർ ശമ്പളം, വിവിധ അലവൻസുകൾ എന്നീയിനത്തിൽ എത്ര തുക കൈപ്പറ്റിയിട്ടുണ്ട്;

(ബി) ഈ മന്ത്രിസഭയുടെ കാലത്ത് ഓരോ മന്ത്രിമാരുടെയും പേഴ്സണൽ സ്റ്റാഫിൽ എത്രപേർ എസ്.എസ്.എൽ.സി. പാസാകാത്തവർ ഉണ്ടായിരുന്നു ; ആരെല്ലാം ;

(സി) ഇവരെ ഏതെല്ലാം പോസ്റ്റുകളിലാണ് നിയമിച്ചിരിക്കുന്നത് ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് ഓരോ മന്ത്രിയുടെയും പേഴ്സണൽ സ്റ്റാഫിലുള്ളവർ ടി.എ., ഡി.എ. ഇനത്തിൽ എന്ത് തുക വീതം കൈപ്പറ്റിയിട്ടുണ്ട് ;

(ഇ) ഈ കാലയളവിൽ ഓരോ മന്ത്രിയുടെയും പേഴ്സണൽ സ്റ്റാഫിലുള്ളവർ, അവരുടെ കുടുംബാംഗങ്ങൾ എന്നിവരുടെ ചികിത്സാ ചെലവിനത്തിൽ എത്ര തുക വീതം കൈപ്പറ്റിയിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 11.06.2012-ലെ മറുപടിക്ക്

മന്ത്രിമാരുടെ വിദേശ യാത്രകൾ

14 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇതേവരെ, മുഖ്യമന്ത്രി, മന്ത്രിമാർ, ഗവ: ചീഫ് വിപ്പ് എന്നിവർ ഏതെല്ലാം തീയതിയിൽ ഏതെല്ലാം വിദേശ രാജ്യങ്ങൾ സന്ദർശിക്കുകയുണ്ടായി;

(ബി) ഈ യാത്രകൾക്ക് നിയമാനുസൃതമായ അനുമതി ലഭിച്ചിട്ടുണ്ടായിരുന്നുവോ; മേല്പറഞ്ഞവരിൽ ആരെങ്കിലും ഇൻഡ്യാ ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അനുമതി ഇല്ലാതെ വിദേശ രാജ്യം സന്ദർശിക്കുകയുണ്ടായോ; എങ്കിൽ ആരെന്ന് വ്യക്തമാക്കാമോ;

(സി) ഈ യാത്രയിൽ അനൗദ്യോഗികമായവ ഏതൊക്കെയാണ് ; ഔദ്യോഗിക യാത്രകൾക്ക് ഓരോരുത്തർക്കും വേണ്ടി ഖജനാവിൽ നിന്നും ചെലവായ തുക എത്ര; എന്തെല്ലാം നിലയിലുള്ള ഔദ്യോഗിക ആവശ്യങ്ങൾക്കായിരുന്നു ഓരോരുത്തരുടെയും ഓരോ യാത്രയും എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

<u>എസ്കോർട്ട് വാഹനങ്ങളുടെ ചെലവ് സംബന്ധിച്ച്</u>

15 ശ്രീ. പി.കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിന്നുള്ള ഇപ്പോഴത്തെ കേന്ദ്രമന്ത്രിമാർ ഓരോ
രുത്തർക്കും വേണ്ടി, സംസ്ഥാന ഖജനാവിൽ നിന്ന് ഏതെല്ലാം ഇനത്തിൽ എന്ത് തുക വീതം ഇതിനകം ചെലവഴിച്ചിട്ടുണ്ട്;

(ബി) കേന്ദ്രമന്ത്രിമാർ കേരളത്തിൽ എത്തുമ്പോൾ ഒരേ സമയം
ഉപയോഗിക്കുന്ന വാഹനങ്ങൾ എത്രയാണ്;

(സി) വാഹനങ്ങൾ, പോലീസ് എസ്കോർട്ട് തുടങ്ങിയ ഇനത്തിൽ എന്ത് തുക ചെലവായിട്ടുണ്ട്?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

മന്ത്രിമാര്‍ തേയില സല്‍ക്കാരത്തിന് ചെലവഴിച്ച തുക

16 ശ്രീ. എം. ചന്ദ്രന്‍

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം മുഖ്യമന്ത്രി, മന്ത്രിമാര്‍, ഗവണ്‍മെന്റ് ചീഫ് വിപ്പ് എന്നിവര്‍ക്ക് ഇതേ വരെ ആഫീസിലെയും വീട്ടിലെയും തേയില സല്‍ക്കാരത്തിനും, ഫോണ്‍ ബില്ല്, ഇലക്ട്രിസിറ്റി ബില്ല് തുടങ്ങിയ ഇനത്തിലും ചെലവഴിച്ച തുകകളുടെ വിശദാംശങ്ങള്‍ വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

മന്ത്രിമാരുടെ ചെലവിനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക

17

ശ്രീ. എ. എം. അരീഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി, മന്ത്രിമാർ, ചീഫ് വിപ്പ് എന്നിവരുമായി ബന്ധപ്പെട്ട് ഉണ്ടാകാവുന്ന ചെലവുകളിലേക്ക് തന്നാണ്ടിലെ ബഡ്ജറ്റിൽ ഏതെല്ലാം ഹെഡ്ഡുകളിലായി എന്തു തുക വീതം വകയിരുത്തിയിട്ടുണ്ട്;

(ബി) ബഡ്ജറ്റ് അവതരിപ്പിക്കുന്ന വേളയിൽ എത്ര മന്ത്രിമാർ ഉണ്ടായിരുന്നുവെന്നും ഇപ്പോൾ എത്ര മന്ത്രിമാരുണ്ടെന്നും വ്യക്തമാക്കാമോ;

(സി) പുതിയ മന്ത്രിമാരെയും പേഴ്സണൽ സ്റ്റാഫുകളെയും കൂടി പരിഗണിക്കുമ്പോൾ ചെലവ് എത്ര ശതമാനം വർദ്ധിക്കുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>മന്ത്രിമാരുടെ ആവശ്യാർത്ഥം പുതുതായി വാങ്ങിയ വാഹനങ്ങൾ</u>

18 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ മന്ത്രിമാരുടെ ആവശ്യാർത്ഥം പുതുതായി എത്ര വാഹനങ്ങൾ വാങ്ങുകയുണ്ടായി; ഓരോന്നിനും ചെലവഴിച്ച തുകയും, ഏതെല്ലാം മന്ത്രിമാർക്കാണ് ഇത്തരത്തിൽ വാഹനങ്ങൾ വാങ്ങി നൽകിയതെന്നും വ്യക്തമാക്കുമോ;

(ബി) മുഖ്യമന്ത്രി ഉൾപ്പെടെ മന്ത്രിമാരുടെയും ഓഫീസിന്റെയും ആവശ്യാർത്ഥം ഓരോ മന്ത്രിയും എത്ര വാഹനങ്ങൾ വീതമാണ് ഉപോയഗിച്ചുവരുന്നത്; പ്രതിമാസം ഇവയ്ക്കായി എത്ര തുക ഓരോ മന്ത്രിയും സംസ്ഥാന ഖജനാവിൽ നിന്നും ചെലവഴിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രി, മന്ത്രിമാര്‍, ചീഫ് വിപ്പ് എന്നിവരുടെ പേഴ്സണല്‍ സ്റ്റാഫിലെ അംഗങ്ങള്‍</u>

19 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മുഖ്യമന്ത്രി, മന്ത്രിമാര്‍, ചീഫ് വിപ്പ് എന്നിവരുടെ ഓരോരുത്തരുടേയും പേഴ്സണല്‍ സ്റ്റാഫില്‍ ഇപ്പോള്‍ എത്ര അംഗങ്ങള്‍ ജോലി ചെയ്യുന്നുണ്ട്;

(ബി) മുഖ്യമന്ത്രിയോ, മന്ത്രിമാരോ, പേഴ്സണല്‍ സ്റ്റാഫ് അംഗങ്ങളല്ലാത്ത ആരെയെങ്കിലും തങ്ങളുടെ അഫീസുമായി ബന്ധപ്പെട്ട് വര്‍ക്കിംങ് അറേഞ്ച്മെന്റ് വ്യവസ്ഥയില്‍ ജോലി ചെയ്യിക്കുന്നുണ്ടോ; എങ്കില്‍ ഏതെല്ലാം മന്ത്രിമാരുടെ ആഫീസില്‍ എത്രപേര്‍ വീതം ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>മന്ത്രിമാരുടെ ഓഫീസ് ചെലവ്</u>

20 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇപ്പോഴത്തെ മുഖ്യമന്ത്രി, മന്ത്രിമാർ, ചീഫ് വിപ്പ് എന്നിവർ ഓരോരുത്തർക്കും വേണ്ടി പേഴ്സണൽ സ്റ്റാഫ്, ആഫീസ്, വീട്, വാഹനം, യാത്രാപ്പടി, ഫോൺ തുടങ്ങിയവയ്ക്ക് വിവിധ ഹെഡ്ഡുകളിൽ നിന്നായി ഇതിനകം സർക്കാർ ഖജനാവിൽ നിന്നും ചെലവായ തുകകൾ സംബന്ധിച്ച് വിശദമാക്കാമോ?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

<u>മന്ത്രിസഭാംഗങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചത് സംബന്ധിച്ച്</u>

21 ശ്രീ. ജി. സുധാകരൻ
,, കെ. രാധാകൃഷ്ണൻ
,, രാജു എബ്രഹാം
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മന്ത്രി സഭാംഗങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചത് സംസ്ഥാനത്തിന്റെ പൊതുഭരണത്തെ ഏതെല്ലാം നിലയിൽ പ്രതികൂലമായി ബാധിക്കുകയുണ്ടായെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്തിന്റെ പൊതുമണ്ഡലത്തിൽ വർഗീയ ചിന്താഗതികൾ ആഴത്തിൽ വേരോടുവാനും ജനങ്ങളെ സാമുദായികമായി ഭിന്നിപ്പിക്കാനും ഇത് കാരണമായിട്ടുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മന്ത്രിമാരുടെ എണ്ണവും വകുപ്പുകളുടെ ചുമതലയും മാറ്റാനിടയായ സാഹചര്യം എന്തായിരുന്നു; വിശദമാക്കാമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയും മന്ത്രിമാരുടേയും ചായ സൽക്കാരം</u>

22 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മുഖ്യമന്ത്രിയും മന്ത്രിമാരും ചായസൽക്കാരത്തിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ഏറ്റവും കൂടുതൽ തുക ചെലവഴിച്ച മന്ത്രി ആരാണ് ;

(സി) ഏറ്റവും കുറച്ചു ചെലവഴിച്ച മന്ത്രി ആരാണ് ;

(ഡി) ഓരോ മന്ത്രിമാരും ചെലവഴിച്ച തുക പ്രത്യേകം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>സർക്കാർ വാടകയ്ക്കെടുത്ത ഔദ്യോഗിക വസതികൾ</u>

23 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മന്ത്രിമാർക്കും ഗവൺമെന്റ് ചീഫ് വിപ്പിനും വേണ്ടി എത്ര സ്വകാര്യ വസതികൾ സർക്കാർ വാടകയ്ക്ക് എടുത്തിട്ടുണ്ട്;

(ബി) വാടക ഇനത്തിൽ എന്ത് തുക പ്രതിമാസം ചെലവ് വരുന്നുണ്ട്; ഓരോ കെട്ടിടത്തിന്റെയും പ്രതിമാസ വാടക എത്ര;

(സി) തിരുവനന്തപുരത്ത് ഔദ്യോഗിക വസതിയ്ക്ക് വേണ്ടി സർക്കാർ വാടകയ്ക്ക് എടുത്ത ഏതെങ്കിലും കെട്ടിടം ഉപയോഗിക്കാതെ വാടക കൊടുത്തുവരുന്നുണ്ടോ; എങ്കിൽ ഏത് കെട്ടിടമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>പുതുതായി വാങ്ങിയ വാഹനങ്ങൾക്ക് ചെലവഴിച്ച തുക</u>

24 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ മന്ത്രിമാർക്കും മറ്റുമായി പുതുതായി എത്ര വാഹനങ്ങൾ വാങ്ങുകയുണ്ടായി ; മൊത്തം എന്തു തുക ചെലവഴിച്ചു;

(ബി) ഇപ്പോഴത്തെ മുഖ്യമന്ത്രി, മന്ത്രിമാർ, ചീഫ് വിപ്പ് എന്നിവർക്കുവേണ്ടി അലോട്ട് ചെയ്യപ്പെട്ട വാഹനങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ ; ഏതെല്ലാം മന്ത്രിമാർ ഒന്നിലധികം വാഹനം ഉപയോഗിക്കുന്നുണ്ട് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>സംസ്ഥാനത്തിന്റെ ആവശ്യങ്ങള്‍</u>

25 ശ്രീ. പി. കെ. ഗുരുദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേന്ദ്ര ഗവണ്‍മെന്റിനോട് ആവശ്യപ്പെട്ട സംസ്ഥാനത്തിന്റെ ഏതെല്ലാം ആവശ്യങ്ങളിന്മേല്‍ ഇപ്പോഴും തീരുമാനം എടുക്കുന്നതിനായി ബാക്കി നില്‍പ്പുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഈ ആവശ്യങ്ങള്‍ നേടിയെടുക്കുന്നതിന് കേന്ദ്രത്തില്‍ എന്തെല്ലാം സമ്മര്‍ദ്ദങ്ങളാണ് ചെലുത്തി വരുന്നത് ;

(സി) ദീര്‍ഘകാലമായി സംസ്ഥാനം ഉന്നയിച്ചുവരുന്ന ഏതെങ്കിലും കാര്യത്തില്‍ സംസ്ഥാനത്തിന് അനുകൂലമായി ഇപ്പോള്‍ തീരുമാനം എടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>സംസ്ഥാന കേഡറിൽപ്പെട്ട ഐ.എ.എസ്സുകാർ</u>

26 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരളാ കേഡറിലുള്ള എത്ര ഐ.എ.എസ്സുകാർ നിലവിൽ സേവനം അനുഷ്ഠിക്കുന്നുണ്ട് ;

(ബി) സംസ്ഥാന കേഡറിലുള്ള എത്ര ഐ.എ.എസ്സുകാർ കേരളത്തിനു വെളിയിൽ സേവനം നിർവ്വഹിക്കുന്നുണ്ട്, മറ്റു സംസ്ഥാനത്തിലുള്ള കേഡറിൽപ്പെട്ട എത്ര ഐ.എ.എസ്സുകാർ ഇപ്പോൾ കേരളത്തിൽ സേവനം നിർവ്വഹിക്കുന്നുണ്ട് ;

(സി) സംസ്ഥാനത്ത് ഐ.എ.എസ്സുകാരുടെ തസ്തികകൾ ഒഴിഞ്ഞു കിടപ്പുണ്ടോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണം</u>

27 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കണമെന്ന് സംസ്ഥാന ഭരണ പരിഷ്കാര കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) നിലവിൽ ഐ.എ.എസ് ഉദ്യോഗസ്ഥർക്ക് സംസ്ഥാനത്ത് കുറവ് അനുഭവപ്പെടുന്നുണ്ടോ;

(ഡി) സംസ്ഥാനത്തിന് ആവശ്യമായ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടെ എണ്ണവും നിലവിലുള്ള ഒഴിവുകളും വ്യക്തമാക്കുമോ;

(ഇ) ഡെപ്യൂട്ടി കലക്ടർ റാങ്കിലുള്ളവർക്കും സെക്രട്ടറിയേറ്റ്സർവ്വീസിലെ അർഹരായവർക്കും പ്രമോഷൻ നൽകി ഐ.എ.എസ് കേഡറിൽ നിയമിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(എഫ്) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ച് ഉദ്യോഗാർത്ഥികളെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

ബ്ലോക് തലത്തിൽ ഗ്രാമന്യായാലയങ്ങൾ

28 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബ്ലോക്ക് തലത്തിൽ ഗ്രാമന്യായാലയങ്ങൾ സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ അതിന്റെ നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(സി) മുൻസർക്കാരിന്റെ കാലത്ത് ഗ്രാമന്യായാലയങ്ങൾ സ്ഥാപിക്കുന്നതിൽ ചേലക്കര മണ്ഡലത്തിലെ പഴയന്നൂർ ബ്ലോക്കിനെയും ഉൾപ്പെടുത്തിയിരുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ പഴയന്നൂർ ബ്ലോക്കിലും ഗ്രാമന്യായാലയം സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ടിൽ കോടതി അനുവദിക്കുന്നതിനുള്ള നടപടി</u>

29 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ടിൽ കോടതി അനുവദിക്കുന്ന നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും ഇവിടെ എപ്പോൾ കോടതി അനുവദിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

ആറ്റിങ്ങൽ കോടതി സമുച്ചയത്തിന്റെ അഡീഷണൽ ബ്ലോക്കിന്റെ നിർമ്മാണം

30 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ കോടതി സമുച്ചയത്തിന്റെ ഭാഗമായി നിർമ്മിക്കുന്ന അഡീഷണൽ ബ്ലോക്കിനു വേണ്ടിയുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ഇതിന്റെ നിർമ്മാണച്ചുമതല ഏത് ഏജൻസിയ്ക്കാണെന്ന് വിശദമാക്കാമോ;

(സി) അഡീഷണൽ ബ്ലോക്ക് നിർമ്മാണത്തിന് എന്തെങ്കിലും തടസമുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 11.06.2012-ലെ മറുപടിക്ക്

പുതുക്കിയ കുടുംബകോടതികൾ

31 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി എത്ര കുടുംബകോടതികൾ തുടങ്ങുവാനാണ് ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ളത്? ഇത് ഏതൊക്കെ ജില്ലകളിലാണ്.?

(ബി) ഈ സർക്കാർ ഇത് പ്രകാരം എത്ര കുടുംബകോടതികൾ ആരംഭിച്ചിട്ടുണ്ട്? ഇതിൽ ആറ്റിങ്ങൽ ഉൾപ്പെടുന്നുണ്ടോ?

(സി) ആറ്റിങ്ങൽ കുടുംബകോടതി ആരംഭിക്കുവാൻ എന്തെങ്കിലും തടസ്സമുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

ചാലക്കുടിയിൽ എം.എ.സി.റ്റി കോടതി

32 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ എം.എ.സി.റ്റി കോടതി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) വിവിധ കോടതികളെ ഒരു കെട്ടിട സമുച്ചയത്തിൻ കീഴിൽ കൊണ്ടു വരുന്നതിനായി ചാലക്കുടിയിൽ ഒരു കോർട്ട് കോംപ്ലക്സ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>പുനലൂർ നിയോജക മണ്ഡലത്തിലെ സബ് കോടതി</u>

33 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജക മണ്ഡലത്തിൽ അനുവദിച്ച സബ് കോടതിയുടെ പ്രവർത്തനം എന്നുമുതൽ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കോടതിയുടെ പ്രവർത്തനം സുഗമമായി ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ബാർ അസോസിയേഷനാണ് ഒരുക്കുന്നത് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത കോടതിയുടെ പ്രവർത്തനത്തിന് ആവശ്യമായ തസ്തികകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

<u>മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ നിയമിച്ചിട്ടുള്ള പട്ടികജാതി - പട്ടികവർഗ്ഗക്കാർ</u>

34

ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി, മറ്റു മന്ത്രിമാർ, ചീഫ് വിപ്പ് എന്നിവർ ഓരോരുത്തരും എത്ര ജീവനക്കാരെ അവരുടെ പേഴ്സണൽ സ്റ്റാഫിൽ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോരുത്തരും അവരുടെ പേഴ്സണൽ സ്റ്റാഫിൽ എത്ര പട്ടികജാതി - പട്ടികവർഗ്ഗക്കാരെ നിയമിച്ചിട്ടുണ്ടെന്നും അത് ഏതെല്ലാം തസ്തികകളിലാണെന്നും വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>പി.എസ്.സി. പരീക്ഷകൾ</u>

35 ശ്രീ. പി.സി. വിഷ്ണുനാഥ്
'' ഐ.സി. ബാലകൃഷ്ണൻ
'' സി. പി. മുഹമ്മദ്
'' കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിക്ഷാ സമ്പ്രദായങ്ങളിൽ സമൂലമായ മാറ്റം വരുത്തുന്നതിലേക്കായി എന്തെല്ലാം തയ്യാറെടുപ്പുകളാണ് പി.എസ്.സി നടത്തുവനുദ്ദേശിക്കുന്നത്;

(ബി) ഇതിനായി ക്വസ്റ്റ്യൻ ബാങ്ക്-കം-ഓൺലൈൻ എക്സാമിനേഷൻ സംവിധാനം തയ്യാറാക്കുന്നകാര്യം പരിഗണനയിലുണ്ടോ;

(സി) ഇതിനായി ഇതേ വരെ എന്തെല്ലാം നടപടികൾ ആരംഭിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

പി.എസ്.സിയിൽ ഓൺലൈൻ പരീക്ഷകൾ

36 ശ്രീ. പാലോട് രവി
,, ടി.എൻ. പ്രതാപൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. പരീക്ഷകൾ ഓൺലൈനായി നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ഇതിനായി എന്തെല്ലാം ഒരുക്കങ്ങൾ നടത്തിയിട്ടുണ്ട്;

(സി) എന്നു മുതലാണ് ഇത് നടപ്പാക്കുവാനുദ്ദേശിക്കുന്നത്;

(ഡി) ആദ്യഘട്ടത്തിൽ കുറച്ച് ഉദ്യോഗാർത്ഥികൾ മാത്രം അപേക്ഷിക്കുന്ന തസ്തികയിലേയ്ക്ക് ഓൺലൈനായി പരീക്ഷ നടത്തുന്ന കാര്യം പരിഗണിക്കുമോ?

## കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>പി. എസ്.സി നിയമനങ്ങളിൽ ജില്ലാ അടിസ്ഥാനത്തിൽ വെയിറ്റേജ്</u>

37 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. നിയമനങ്ങളിൽ ജില്ലാ അടിസ്ഥാനത്തിൽ 5 മാർക്ക് വെയ്റ്റേജ് നൽകുന്ന സംവിധാനം ഹൈക്കോടതി റദ്ദാക്കിയിട്ടുണ്ടോ;

(ബി) ജില്ലാ നിയമനങ്ങളിൽ 5 മാർക്ക് വെയ്റ്റേജ് നൽകുന്ന സംവിധാനം എന്നുമുതലാണ് നിലവിൽ വന്നത്;

(സി) ഹൈക്കോടതി വിധിക്കെതിരെ അപ്പീൽ പോവാനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>ജില്ലാ വെയിറ്റേജ് മാർക്ക്</u>

38 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. നിയമനങ്ങളിൽ അതാത് ജില്ലകൾക്ക് നൽകുന്ന വെയിറ്റേജ് മാർക്ക് നിലവിൽ നൽകുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ നൽകാത്തതിന് കാരണം വ്യക്തമാക്കാമോ ;

(സി) ഹൈക്കോടതി വിധിക്കെതിരെ സർക്കാർ അപ്പീൽ നൽകിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അപ്പീൽ നൽകുന്ന കാര്യം പരിഗണനയിലുണ്ടോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>പി. എസ്. സി. യുടെ പുതുക്കിയ സംവിധാനങ്ങൾ</u>

39 ശ്രീ. പി. എ. മാധവൻ
,, വർക്കല കഹാർ
,, കെ. ശിവദാസൻ നായർ
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ തസ്തികകളുടെ യോഗ്യതാ മാനദണ്ഡത്തിലെ മാറ്റം നിലവിലുള്ള നിയമങ്ങളെ ബാധിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് പി. എസ്. സി. സ്വീകരിച്ചിട്ടുള്ളത്.

(ബി) പുതുക്കിയ സംവിധാനം മൂലം ഉദ്യോഗാർത്ഥികൾക്കുണ്ടായ ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

ഗസറ്റ് നോട്ടിഫിക്കേഷൻ വഴി പേരുമാറ്റം

40 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി ഉദ്യോഗത്തിനായി അപേക്ഷിക്കുകയും, അപേക്ഷിക്കുന്ന സമയത്തുള്ള പേര് ചില കാരണങ്ങളാൽ ഗസറ്റ് നോട്ടിഫിക്കേഷൻ വഴി മാറുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, അത്തരം ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുമ്പോൾ അവർക്ക് ഗസറ്റ് നോട്ടിഫിക്കേഷൻ വഴി മാറ്റിയ പുതിയ പേരിൽ ജോലിയിൽ പ്രവേശിക്കാനുള്ള നടപടി സ്വീകരിക്കുമോ ;

(സി) ഇത്തരം വിഷയങ്ങളിൽ നിയമാനുസൃതമായി നടപടികൾ സ്വീകരിക്കാതെ ജോലിയിൽ പ്രവേശിക്കേണ്ടിവരുമ്പോൾ ഉദ്യോഗാർത്ഥികൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത രീതിയിൽ ഉദ്യോഗസ്ഥന്മാർക്ക് മാർഗ്ഗ നിർദ്ദേശം സർക്കാർ നൽകുമോ ?

# കേരള നിയമസഭ
# 11.06.2012-ലെ മറുപടിക്ക്

പി.എസ്.സി നിയമനങ്ങൾ സംബന്ധിച്ച്

41 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന 2011 മേയ് മാസം മുതൽ കേരള പി.എസ്.സി മുഖാന്തിരം നല്കിയ നിയമനങ്ങളുടെ വിശദാംശം മാസാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

(ബി) നിലവിൽ എത്ര ഒഴിവുകൾ സംസ്ഥാനത്താകെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്?

(സി) വിശദാംശങ്ങൾ അറിയിക്കാമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

വയനാട് ജില്ലയിലെ എൽ.ഡി ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റ്

42 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ എൽ.ഡി. ടൈപ്പിസ്റ്റിന്റെ റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത്;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റ് പ്രകാരം നിലവിൽ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത തസ്തികയിലേക്ക് ഇപ്പോൾ എത്ര ഒഴിവുണ്ട്, അതിൽ എത്ര സൂപ്പർ ന്യൂമററി ഉണ്ട് എന്നും വകുപ്പ് തിരിച്ച് ഓഫീസ് അഡ്രസ് സഹിതം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത ഒഴിവുകൾ പി.എസ്.സിക്ക് അടിയന്തിരമായി റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(ഇ) പ്രസ്തുത തസ്തികയിലേക്ക് വയനാട് ജില്ലയുടെ ഹെഡ്ക്വാർട്ടർ വേക്കൻസി നിലവിലുള്ള ഓഫീസുകൾ ഏതെല്ലാം എന്ന് വകുപ്പു തിരിച്ച് ലഭ്യമാക്കുമോ; പ്രസ്തുത ഒഴിവുകൾ അടിയന്തിരമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

രാജ്ഭവനിലെ നിയമനം

43 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാജ്ഭവനിലെ നിയമനം സംബന്ധിച്ച് സ്പെഷ്യൽ റൂൾസ് നിലവിലുണ്ടോ ;

(ബി) 63449/പൊളി-3/2009/പൊ.ഭ.വ ഫയലിൽ എന്ത് തീരുമാനമാണ് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ

# 11.06.2012-ലെ മറുപടിക്ക്

<u>ആശ്രിത നിയമനം</u>

44 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആശ്രിത നിയമനത്തിനായുള്ള എത്ര അപേക്ഷകളാണ് നിയമനം നൽകാതെ വിവിധ വകുപ്പുകളിലായി ഉള്ളതെന്നറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം ആകെ എത്ര ആശ്രിത നിയമനങ്ങൾ നടത്തി;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആശ്രിത നിയമനത്തിനുള്ള എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>അഗ്രികൾച്ചറൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികമാറ്റം വഴിയുള്ള നിയമനം</u>

45 ശ്രീ. കെ. രാജു.

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഗ്രികൾച്ചറൽ അസിസ്റ്റന്റ് ഗ്രേഡ് കക തസ്തികമാറ്റം (By transfer) നിയമനത്തിനുള്ള ഷോർട്ട് ലിസ്റ്റ് ഇതുവരെ പ്രസിദ്ധീകരിച്ചിട്ടില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തസ്തികയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടും തസ്തികമാറ്റം വഴി നിയമനത്തിന് അർഹരായവരുടെ ഷോർട്ട് ലിസ്റ്റ് പോലും പ്രസിദ്ധീകരിക്കാത്തത് ഈ വിഭാഗത്തിന്റെ സീനിയോറിട്ടിയെ ബാധിക്കുമെന്നുള്ള വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്ത് നടപടികളാണ് സ്വീകരിക്കുവാൻ കഴിയുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>ടൈപ്പിസ്റ്റ് ഗ്രേഡ് II റാങ്ക് ലിസ്റ്റിന്റെ വിശദാംശം</u>

46 ശ്രീ. പി.റ്റി.എ. റഹിം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ്/കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ തുടങ്ങിയ വകുപ്പുകളിലെ ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റ് ഇപ്പോൾ നിലവിലുണ്ടോ; എങ്കിൽ എന്നാണ് നിലവിൽ വന്നത്; കാലാവധി അവസാനിക്കുന്നത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) ലിസ്റ്റ് നിലവിലില്ലെങ്കിൽ പുതിയ അപേക്ഷ ക്ഷണിച്ചിരുന്നോ; എന്നാണ് അപേക്ഷ ക്ഷണിച്ചത്; പരീക്ഷ കഴിഞ്ഞതിനു ശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു; പ്രസ്തുത ലിസ്റ്റിന്റെ വിശദ വിവരം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>പെന്‍ഷന്‍ പ്രായം വര്‍ദ്ധന</u>

47 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

ഇപ്പോള്‍ പെന്‍ഷന്‍ പ്രായം വര്‍ദ്ധിപ്പിച്ചിട്ടില്ലായിരുന്നെങ്കില്‍ 2012 മാര്‍ച്ച് 31 ന് എത്രപേര്‍ സംസ്ഥാനത്ത് നിന്നും റിട്ടയര്‍ ചെയ്യുമായിരുന്നു ; ഇതില്‍ സര്‍ക്കാര്‍ ജീവനക്കാരെത്ര ; അദ്ധ്യാപകര്‍ എത്ര ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>പങ്കാളിത്ത പെൻഷൻ പദ്ധതി</u>

48 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിർദ്ദേശങ്ങളോട് സംസ്ഥാന സർക്കാരിന്റെ നയപരമായ തീരുമാനം എന്താണെന്ന് വ്യക്തമാക്കാമോ; പങ്കാളിത്ത പെൻഷൻ നടപ്പിലാക്കാത്ത സംസ്ഥാനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>പെൻഷൻ പ്രായം വർദ്ധിപ്പിച്ചതിന്റെ പ്രയോജനം</u>

49 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെൻഷൻ പ്രായം വർദ്ധിപ്പിച്ചതിന്റെ ഫലമായി ആകെ എത്രപേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചുവെന്ന് വകുപ്പ് തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ബി) പെൻഷൻ പ്രായം വർദ്ധിപ്പിതിന്റെ ഫലമായി നിലവിലുള്ള പി.എസ്.സി. റുങ്ക് പട്ടികകളിലെ എത്ര നിയമനങ്ങൾ വൈകിയിട്ടുണ്ട് എന്നറിയിക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം പി.എസ്.സി. പട്ടികകളുടെ കാലാവധി എത്ര വർഷം വീതം നീട്ടിയിട്ടുണ്ട് എന്നറിയിക്കാമോ ?

# കേരള നിയമസഭ
# 11.06.2012-ലെ മറുപടിക്ക്

<u>സൂപ്പർ ന്യൂമററി തസ്തികകൾ</u>

50

ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

2011 ജൂൺ മുതൽ 2012 മാർച്ച് 31 വരെയുള്ള തീയതികളിൽ സംസ്ഥാനത്ത് എത്ര ഒഴിവുകൾ സർക്കാർ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തു; ഇതിൽ സൂപ്പർ ന്യൂമററി തസ്തികകൾ ഉണ്ടോ; എങ്കിൽ എണ്ണമെത്ര; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 11.06.2012-ലെ മറുപടിക്ക്

<u>കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി</u>

51 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നിലവിലുള്ള പെൻഷൻ പദ്ധതിക്കുപകരം കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി നടപ്പിലാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് കേന്ദ്ര ധനകാര്യ മന്ത്രിയുടെ കത്ത് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കത്തിൽ ആവശ്യപ്പെട്ട പ്രകാരം നിലവിലുള്ള പെൻഷൻ പദ്ധതിയിൽ മാറ്റം വരുത്തുന്നതിന് എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ പറയാമോ;

(ഡി) സംസ്ഥാന ജീവനക്കാർക്ക് കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നയം വെളിപ്പെടുത്താമോ?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

സർക്കാർ ജീവനക്കാർക്ക് അവാർഡ്

52 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

സർക്കാർ ജീവനക്കാർക്ക് പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ അവാർഡ് നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>പെൻഷൻപ്പറ്റി പിരിഞ്ഞ ഉദ്യോഗസ്ഥന്മാരുടെ വിശദാംശങ്ങൾ</u>

53 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും പെൻഷൻ പ്രായം ഉയർത്തിയിരുന്നില്ലാ എങ്കിൽ 2012 മാർച്ച് 31 ന് എത്ര ജീവനക്കാരും അധ്യാപകരുമാണ് വിരമിക്കേണ്ടിയിരുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) 2012 എപ്രിൽ, മെയ് മാസങ്ങളിലായി എത്ര ജീവനക്കാരും അദ്ധ്യാപകരുമാണ് സംസ്ഥാനത്ത് പെൻഷൻ പറ്റി പിരിഞ്ഞ് പോയത് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

<u>സർക്കാർ സർവ്വീസിൽ നിന്നും വിരമിക്കേണ്ടിയിരുന്ന അധ്യാപകരുടെ എണ്ണം</u>

54 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മാർച്ച് 31 ന് സർക്കാർ സർവ്വീസിൽ നിന്ന് വിരമിക്കേണ്ടിയിരുന്ന അധ്യാപകരുടെ എണ്ണം വ്യക്തമാക്കാമോ;

(ബി) പെൻഷൻപ്രായം വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഉണ്ടാകേണ്ടിയിരുന്ന ഒഴിവുകളിൽ എങ്ങനെ നിയമനം നടത്താനാണ് തീരുമാനിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>പ്രോപ്പർട്ടി ടാക്സ് ഒഴിവാക്കാൻ നടപടി</u>

55 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൈനികർക്ക് പ്രോപ്പർട്ടി ടാക്സ് ഒഴിവാക്കി നൽകുന്നത് പോലെ ബി.എസ്.എഫ്. ജവാന്മാർക്കും പ്രോപ്പർട്ടി ടാക്സ് ഒഴിവാക്കി നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ബി.എസ്.എഫ്. ജവാന്മാർക്ക് പ്രോപ്പർട്ടി ടാക്സ് ഒഴിവാക്കി കൊടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധി</u>

56 ശ്രീ. പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരമേറ്റ ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ആകെ എത്ര രൂപ അനുവദിച്ചുവെന്ന് വിശദമാക്കുമോ;

(ബി) ഓരോ ജില്ലക്കും അനുവദിച്ച തുകയെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

ജനസമ്പർക്ക പരിപാടി

57 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുമായി ബന്ധപ്പെട്ട് ഈ സർക്കാർ വ്യക്തിഗത അപേക്ഷകളിൻമേൽ എത്ര തുക അനുവദിച്ചിട്ടുണ്ട്;

(ബി) ഇതിന്റെ ആനുകൂല്യം എത്ര പേർക്കാണ് ലഭ്യമായത്;

(സി) തുകയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 11.06.2012-ലെ മറുപടിക്ക്

<u>ജനസമ്പർക്ക പരിപാടി</u>

58 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, പി. ബി. അബ്ദുൾ റസാക്
,, എൻ. ഷംസുദ്ദീൻ
,, കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനസമ്പർക്ക പരിപാടിയിൽ പങ്കെടുത്ത് ജനങ്ങളിൽ നിന്ന് നേരിട്ട് മനസ്സിലാക്കിയിട്ടുള്ള പ്രധാന ജനകീയ പ്രശ്നങ്ങളെക്കുറിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അത്തരത്തിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ജനകീയ പ്രശ്നങ്ങൾ എന്തെല്ലാമാണെന്നും അവയ്ക്ക് എന്തൊക്കെ പരിഹാര നടപടികളാണ് സ്വീകരിക്കാൻ തീരുമാനിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ;

(സി) സർക്കാർ ഓഫീസുകളിലുണ്ടാവുന്ന അനാവശ്യ കാലതാമസം സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനായി എന്തൊക്കെ പരിഷ്കരണ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) ജനകീയ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരിൽ സർക്കാർ നയങ്ങൾക്കനുസൃതമായി പോസീറ്റീവായ സമീപനം ഉണ്ടാക്കിയെടുക്കാൻ ആവശ്യമായ നടപടികൾ കൂടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>ജനസമ്പര്‍ക്ക പരിപാടിയില്‍ ലഭിച്ച അപേക്ഷകള്‍</u>

59 ശ്രീ. കെ. രാധാകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കഴിഞ്ഞ വര്‍ഷം നടത്തിയ ജനസമ്പര്‍ക്ക പരിപാടിയില്‍ നിന്നും ലഭിച്ച അപേക്ഷകള്‍ പൂര്‍ണ്ണമായും തീര്‍പ്പു കല്പിച്ചിട്ടുണ്ടോ;

(ബി) ജനസമ്പര്‍ക്ക പരിപാടിയില്‍ ലഭിച്ച അപേക്ഷകളുടെ എണ്ണം വകുപ്പ് തിരിച്ച് പറയാമോ;

(സി) ഈ അപേക്ഷകള്‍ തീര്‍പ്പാക്കുന്നതിന് മുഖ്യമന്ത്രിയുടെ ആഫീസിലും മറ്റ് വകുപ്പുകളിലും നടപ്പിലാക്കിയിട്ടുള്ള പ്രത്യേക സംവിധാനങ്ങള്‍ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) ജനസമ്പര്‍ക്ക പരിപാടികളിലെ അപേക്ഷകള്‍ക്ക് പരിഹാരം കാണാന്‍ കഴിയാത്തത് സംബന്ധിച്ച് വ്യാപകമായ പരാതികള്‍ നിലനില്‍ക്കുന്ന സാഹചര്യത്തില്‍ തീര്‍പ്പാക്കാന്‍ ഓരോ ജില്ലയിലും എത്ര അപേക്ഷകള്‍ ബാക്കിയുണ്ടെന്നും അവ എന്നു തീര്‍പ്പാക്കാന്‍ കഴിയുമെന്നും പറയാമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി</u>

60 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി ഓരോ ജില്ല യിലും സംഘടിപ്പിക്കുന്നതിന് സ്റ്റേജ് ഡെക്കറേഷൻ വാഹനം, യാത്ര പിലവ് തുടങ്ങിയവയ്ക്ക് മൊത്തം എത്ര രൂപ ചെലവു വന്നിട്ടുണ്ട് ;

(ബി) ജനസമ്പർക്ക പരിപാടിയ്ക്കായിട്ടുള്ള പരസ്യം നൽകി യതിലൂടെ എത്ര രൂപ ചെലവഴിച്ചു ;

(സി) സർക്കാരിന്റെ നിലവിലുള്ള സംവിധാനം വഴി സാധാര ണഗതിയിൽ നടന്നുവന്നിട്ടുള്ളതല്ലാതെ മറ്റെന്തെങ്കിലും കാര്യങ്ങൾ ജനസമ്പർക്ക പരിപാടിയിലൂടെ നടപ്പിലാ ക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെൽ

61 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധീകാരമേറ്റ ശേഷം മുഖ്യമന്ത്രിയുടെ പരാതിപരിഹാര സെല്ലിൽ എത്ര പരാതികൾ ലഭിച്ചു;

(ബി) മുഖ്യമന്ത്രിയുടെ പരാതി സെല്ലിന്റെ നിർദ്ദേശങ്ങൾ അവഗണിക്കുന്ന വകുപ്പുകൾക്ക് എതിരെ നടപടികൾ സ്വീകരിക്കുന്നതിന് പ്രസ്തുത സെല്ലിന് അധികാരമുണ്ടോ എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

62 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 മെയ് മുതൽ 2012 മാർച്ച് 31 വരെയുള്ള കാലയളവിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ചികിത്സാ ധനസഹായത്തിനായി ആകെ എത്ര പേർക്ക് എന്ത് തുക നൽകിയെന്ന് അറിയിക്കാമോ;

(സി) ഈ കാലയളവിൽ അപകടമരണത്തെ തുടർന്നുള്ള സഹായമായി എത്ര തുക ചെലവഴിച്ചു; എത്ര പേർക്കാണ് ഇത് നൽകിയത്?

# കേരള നിയമസഭ

# 11.06.2012-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി</u>

63 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സാധനസഹായമായി ഈ സർക്കാർ വന്നതിനു ശേഷം എത്ര തുക അനുവദിച്ചിട്ടുണ്ടെന്നു പറയാമോ ; തുക അനുവദിച്ചത് സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ബി) ചികിത്സാ സഹായം അനുവദിച്ചു കഴിഞ്ഞാൽ വളരെ മാസങ്ങൾ കഴിഞ്ഞാണ് തുക ജനങ്ങളുടെ കൈവശം എത്തുന്നത് എന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; ഇതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ; ചികിത്സയ്ക്ക് പണമില്ലാതെ ബുദ്ധിമുട്ടുന്ന രോഗികൾക്ക് സർക്കാർ അനുവദിക്കുന്ന പ്രസ്തുത തുക എത്രയും വേഗം വിതരണം ചെയ്യാൻ സംവിധാനം ഉണ്ടാക്കുമോ ;

(സി) ചികിത്സാ സഹായ വിതരണം ചെയ്യുന്നതിന് പരിചയസമ്പന്നരും സേവന സന്നദ്ധരുമായ ക്ലർക്ക്മാരെ താലൂക്ക് ഓഫീസുകളിൽ നിയമിക്കുമോ ; ക്ലർക്കുമാരുടെ കുറവുമൂലം ചികിത്സ സഹായനിധി യഥാസമയം വിതരണം ചെയ്യുന്നതിന് നോട്ടീസ് അയക്കുന്നതിനും, അറിയിക്കുന്നതിനും കഴിയാതെ വരുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ വിഷയം പരിഹരിക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

ദുരിതാശ്വാസനിധി വിതരണം ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ

64 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധന സഹായം വിതരണം ചെയ്യുന്നതിനുള്ള വ്യവസ്ഥകളിൽ മാറ്റം വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

ചാലക്കുടി മണ്ഡലത്തിൽ വിതരണം ചെയ്ത ചികിൽസാ ധനസഹായം

65 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചാലക്കുടി മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ഇതുവരെ എത്ര പേർക്ക് എന്ത് തുക ചികിത്സാ സഹായമായി അനുവദിച്ചു എന്നറിയിക്കാമോ;

(ബി) ദുരിതാശ്വാസ നിധിയിൽ നിന്നും സഹായധനം അനുവദിച്ചുത്തരവായവർക്ക് തുക വിതരണം ചെയ്യാത്തത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അടിയന്തിരമായി തുക വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

നിയമവിരുദ്ധമായി ഉണ്ടാക്കിയ കരാർ

66 ശ്രീ. പി. കെ. ഗുരുദാസൻ
,, പി. റ്റി. എ. റഹീം
ഡോ. കെ. ടി. ജലീൽ
ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടലിൽ കൊല്ലപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങളുമായി നിയമവിരുദ്ധമായി ഇറ്റാലിയൻ സർക്കാർ കരാർ ഉണ്ടാക്കിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നുവോ ;വിശദമാക്കാമോ;

(ബി) പ്രസ്തുത കരാറിനെതിരെ സംസ്ഥാന സർക്കാർ അപ്പീൽ നൽകുകയുണ്ടായോ ; എങ്കിൽ എപ്പോൾ ; കരാറിലേർപ്പെടുന്നതിന് സർക്കാരിന് വേണ്ടി എന്തെല്ലാം പ്രവർത്തനങ്ങളായിരുന്നു നടന്നിട്ടുണ്ടായിരുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത കരാർ സംബന്ധിച്ച കേസിൽ സുപ്രിംകോടതിയിൽ നിന്ന് വിധി പ്രസ്താവിക്കുകയുണ്ടായോ ; ജഡ്ജ്മെന്റിലെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

<u>കപ്പല്‍ വെടിവെപ്പ് കേസ്സുമായി ബന്ധപ്പെട്ട് ഇറ്റാലിയന്‍ മന്ത്രി മുഖ്യമന്ത്രിയുമായി നടത്തിയ ചര്‍ച്ച</u>

67 ശ്രീ. എം. എ. ബേബി
,, കെ. കുഞ്ഞിരാമന്‍ (ഉദുമ)
,, കെ. കെ. നാരായണന്‍
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

കപ്പല്‍ വെടിവെപ്പ് കേസ്സുമായി ബന്ധപ്പെട്ട് ഇറ്റാലിയന്‍ മന്ത്രി മുഖ്യമന്ത്രിയുമായി ചര്‍ച്ച നടത്തുകയുണ്ടായോ; മുഖ്യ
മന്ത്രിയെ കണ്ട സംഘത്തില്‍ ആരെല്ലാം ഉണ്ടായിരുന്നു; കൂടിക്കാഴ്ചയില്‍ എന്തെല്ലാം കാര്യങ്ങള്‍ ചര്‍ച്ച ചെയ്യുകയുണ്ടായി?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

<u>അന്യസംസ്ഥാനങ്ങളിൽ മലയാളി വിദ്യാർത്ഥികൾക്കെതിരെ റാഗിംഗ്</u>

68 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള വിവിധ കോഴ്സുകൾക്ക് ഉപരിപഠനം നടത്തുന്ന മലയാളി വിദ്യാർത്ഥികൾക്കെതിരെ റാഗിംഗ് ഉൾപ്പെടെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര വിദ്യാർത്ഥികൾ ഇത്തരം അതിക്രമങ്ങളുമായി ബന്ധപ്പെട്ട് മരണപ്പെട്ടിട്ടുണ്ട് ;

(സി) അന്യസംസ്ഥാനങ്ങളിൽ പഠിക്കുന്ന മലയാളി വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പാക്കാനും ഇതുപോലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളളത്; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

വിവരാവകാശ നിയമം

69 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവരാവകാശ നിയമപ്രകാരം വിവരങ്ങൾ സൗജന്യമായി നൽകുന്നതിന് വ്യവസ്ഥകൾ നിലവിലുണ്ടോ; എങ്കിൽ ഏതൊക്കെ വിഭാഗങ്ങൾക്ക് എന്തൊക്കെ വിവരങ്ങളാണ് സൗജന്യമായി നൽകുന്നതെന്ന് അറിയിക്കുമോ;

(ബി) വിവരാവകാശ അപേക്ഷയോടൊപ്പം നൽകേണ്ട ബി. പി. എൽ സർട്ടിഫിക്കറ്റ് എത്ര കാലത്തിനുള്ളിൽ വാങ്ങിയതാകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(സി) വിവരങ്ങൾ സൗജന്യമായി നൽകുന്നതിന്റെ ഭാഗമായി ഒരു വ്യക്തിയ്ക്ക് ഒരു വില്ലേജിന്റെ മുഴുവൻ റിക്കാർഡുകളും സൗജന്യമായി നൽകുവാൻ വ്യവസ്ഥയുണ്ടോ; വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>സംസ്ഥാന വിവരാവകാശ കമ്മീഷൻ</u>

70 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിവരാവകാശ കമ്മീഷൻ അംഗമായി ഡോ. രാജഗോപാലിനെ നിയമിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ ; എന്നാണ് അദ്ദേഹം റിയട്ടയർ ചെയ്തത്;

(ബി) വിവരാവകാശ കമ്മീഷൻ അംഗമായി നിയമിക്കപ്പെടും മുമ്പ് അദ്ദേഹം വഹിച്ചിരുന്ന പദവികൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(സി) വിവരാവകാശ കമ്മീഷൻ അംഗമെന്ന നിലയിൽ എത്ര കേസുകളിൽ അദ്ദേഹം തീർപ്പു കല്പിച്ചിട്ടുണ്ട് ; അവയിൽ എത്ര കേസുകളിൽ പരാതിക്കാരന് അനുകൂലമായ തീർപ്പുണ്ടായിട്ടുണ്ട് ; എത്ര രൂപ പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട് ;

(ഡി) കമ്മീഷൻ അംഗമായിരിക്കെ ശമ്പളം, വീട്ടു വാടക, ടി.എ മുതലായ ഇനങ്ങളിൽ മൊത്തം എന്തു തുക അദ്ദേഹം കൈപ്പറ്റിയിട്ടുണ്ട് ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

സംസ്ഥാന വിവരാവകാശ കമ്മീഷൻ

71 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിവരാവകാശ കമ്മീഷനിൽ നിലവിൽ എത്ര അംഗങ്ങൾ ഉണ്ട്;

(ബി) പ്രതിമാസം ശരാശരി എത്ര കേസുകളിൽ തീർപ്പു കല്പിക്കാറുണ്ട്;

(സി) വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരിൽ നിന്ന് 2011-12 ൽ എന്തു തുക ഫൈൻ ഇനത്തിൽ ഈടാക്കിയിട്ടുണ്ട് ?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

<u>സേവന അവകാശ നിയമം</u>

72 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സേവന അവകാശ നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് ;

(ബി) പ്രസ്തുത നിയമത്തിലൂടെ എന്തൊക്കെ സേവനങ്ങളാണ് പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നത് ;

(സി) സേവന അവകാശ നിയമത്തിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ സർവ്വീസ് സംഘടനകൾ സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത സംഘടനയുടെ പേരും, അതിന്മേലുള്ള നടപടികളും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 11.06.2012-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ ലോണുകൾ</u>

73 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാങ്കുകൾ നിസാര കാരണങ്ങൾ പറഞ്ഞ് വിദ്യാഭ്യാസ വായ്പകൾ നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ലോണെടുത്ത വിദ്യാർത്ഥിയോ, കുടുംബത്തിലെ വരുമാനമുണ്ടാക്കുന്ന വ്യക്തിയോ മരണപ്പെട്ടാൽ വായ്പ എഴുതിത്തള്ളാൻ നടപടി സ്വീകരിക്കുമോ;

(സി) വിദ്യാഭ്യാസ വായ്പകൾക്ക് പൂർണ്ണ ഇൻഷുറൻസ് സംരക്ഷണം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

വിദ്യാഭ്യാസ വായ്പ

74 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശസാത്കൃതബാങ്കുകളും, ന്യൂജനറേഷൻ ബാങ്കുകളും വിദ്യാഭ്യാസ വായ്പ വ്യാപകമായി നിഷേധിക്കുന്നതിനെ സംബന്ധിച്ചുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് വേണ്ടി സർക്കാർതല വിദ്യാഭ്യാസ വായ്പാ ഓംബുഡ്സ്മാൻ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ വായ്പ</u>

75

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പയുടെ കാര്യത്തിൽ സംസ്ഥാനത്തെ പല ബാങ്കുകളും നിഷേധാത്മക നിലപാട് സ്വീകരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദ്യാഭ്യാസ വായ്പാ വിതരണത്തിന് ബാങ്കുകൾ പുതിയ നിബന്ധനകൾ കൊണ്ടുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വിദ്യാഭ്യാസ വായ്പയുടെ കാര്യത്തിൽ ഏകീകൃത നയം രൂപപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?